LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എടവനക്കാട് ഗ്രാമപഞ്ചായത്ത് വൃദ്ധസദനം സാമൂഹ്യനീതി വകുപ്പ് ഏറ്റെടുക്കുകയും ഗ്രൗണ്ട് ഫ്ളോറിൽ ഡിമെൻഷ്യാ കെയർ സെന്ററും ഒന്നാം നിലയിൽ വൃദ്ധസദനവും എന്ന രീതിയിൽ പ്രവർത്തിച്ചുവരികയും ചെയ്യുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഡിമെൻഷ്യാ രോഗികൾക്ക് പരിചരണം, താമസം, ഭക്ഷണം, മരുന്ന്, വസ്ത്രം എന്നിവ സൗജന്യമായി നൽകി, ഡിമെൻഷ്യാ കെയർ സെന്ററിലൂടെ സംരക്ഷിച്ചുവരുന്നു. അശരണരും നിരാലംബരും മക്കളും മറ്റ് ബന്ധുക്കളും വീടും വസ്തുക്കളും ഇല്ലാത്ത വയോജനങ്ങൾക്ക് താമസം, ഭക്ഷണം, മരുന്ന്, വസ്ത്രം എന്നിവ സൗജന്യമായി നൽകി വൃദ്ധസദനത്തിലൂടെ സംരക്ഷിച്ചുവരുന്നു.

(ബി) ഡിമെൻഷ്യ കെയർ സെന്ററിൽ 15 പേരെയും വൃദ്ധസദനത്തിൽ 10 പേരേയും താമസിപ്പിക്കാനുള്ള സൗകര്യം ഉണ്ട്.

(സി) ഡിമെൻഷ്യ കെയർ സെന്ററിന്റേയും വൃദ്ധസദനത്തിന്റേയും മേൽനോട്ടം എറണാകുളം ജില്ലാ സാമൂഹ്യനീതി ആഫീസിലെ ജൂനിയർ സൂപ്രണ്ടിനാണ്. ഡിമെൻഷ്യാ കെയർ സെന്ററിൽ 4 കെയർ ഗിവർമാരേയും 1 നഴ്സിനേയും കേരള സാമൂഹ്യസുരക്ഷാ മിഷൻ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ രണ്ടു സ്ഥാപനങ്ങൾക്കുമായി ഒരു കുക്കിനേയും ഒരു വാച്ച്മാനേയും കേരള സാമൂഹ്യ സുരക്ഷാമിഷൻ വഴി നിയമിച്ചിട്ടുണ്ട്. ഡിമെൻഷ്യ കെയർ സെന്റർ നടത്തുന്ന സംഘടന ഒരു അഡ്മിനിസ്ട്രേറ്ററെ നിയമിച്ചിട്ടുണ്ട്. ടിയാന് കേരള സാമൂഹ്യ സുരക്ഷാമിഷൻ വേതനം നൽകുന്നുണ്ട്.

(ഡി) നിലവിൽ രോഗാതുരരായവർക്ക് വൃദ്ധസദനത്തിൽ പ്രവേശനം നൽകുന്നില്ല. സ്ഥാപനത്തിൽ രോഗാതുരരായവരെ പരിപാലിക്കുന്നതിന് നിലവിൽ സ്റ്റാഫുകളെ നിയമിച്ചിട്ടില്ലാത്തതിനാൽ രോഗികളെ ശ്രദ്ധിക്കുവാനും പരിപാലിക്കുവാനും സാധിക്കാതെ വരുമെന്നതിനാൽ രോഗാതുരർക്ക് തൽക്കാലം സ്ഥാപനത്തിൽ പ്രവേശനം നൽകുന്നില്ല. ഡിമെൻഷ്യ കെയർ സെന്ററിൽ ഡിമെൻഷ്യ രോഗികളെ മാത്രം പരിപാലിക്കുന്നുണ്ട്.

അങ്കണവാടി ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ

209 (5562) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതി വകുപ്പിനു കീഴിൽ 30 വർഷം വരെയുള്ള കാലയളവിൽ അംഗൻവാടി ജീവനക്കാരായി ജോലി ചെയ്ത് വിരമിക്കുന്നവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നത് എന്ന് അറിയിക്കാമോ ;

(ബി) ഇവർക്ക് പെൻഷൻ, ഗ്രാറ്റുവിറ്റി എന്നിവ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) അങ്കണവാടി വർക്കർ/ഹെൽപ്പർ 62 വയസ്സായി വിരമിക്കുന്ന അവസരത്തിൽ അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധിയുടെ ഭാഗമായി വർക്കർക്ക് 500 രൂപയും ഹെൽപ്പർക്ക് 300 രൂപയും നിലവിൽ പ്രതിമാസ പെൻഷനായി നൽകിവരുന്നുണ്ട്. ഇത് കൂടാതെ ടി ജീവനക്കാർ ക്ഷേമനിധിയിൽ അടച്ച വിഹിതം അതിന്റെ 11% പലിശ, സർക്കാർ വിഹിതം എന്നിവയും അനുവദിച്ചു നൽകിവരുന്നുണ്ട്. അങ്കണവാടിയിൽനിന്നും പെൻഷനായി വിരമിക്കുന്നവർക്ക് 15,000 രൂപയും വർക്കർക്ക് 10,000 രൂപയും വിരമിക്കൽ ആനുകൂല്യമായും നൽകിവരുന്നുണ്ട്.

സാമൂഹ്യനീതി വകുപ്പിലെ വികസന പ്രവർത്തനങ്ങൾ

210 (5563) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സാമൂഹ്യനീതി വകുപ്പിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ടെന്ന് വിവരിക്കുമോ ;

(ബി) ഇതിലേക്കായി ഓരോ വർഷവും ചെലവാക്കിയ തുക എത്രയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യനീതി വകുപ്പിൽ നടന്ന പ്രധാനപ്പെട്ട വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

1. നേർവഴി പദ്ധതി
2. എന്റെ കൂട് പദ്ധതി
3. NGO അക്രഡിറ്റേഷൻ
4. ഡിമെൻഷ്യ കെയർ സെന്റർ
5. പാരാപ്ലീജിയ ഷോർട്ട് സ്റ്റേ ഹോം.
6. ജാതക്-ജനനി പദ്ധതി
7. കെട്ടിട നിർമ്മാണം.

LIBRARY ARCHIVES Kerala Legislative Assembly